# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 843 | 10.06.2019-ൽ മറുപടിക്ക്

## വനാവകാശ നിയമപ്രകാരമുള്ള പരിരക്ഷ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റോജി എം. ജോൺ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | വനാവകാശ നിയമപ്രകാരമുള്ള പരിരക്ഷ ലഭിക്കുന്നതിന് സംസ്ഥാനത്ത് ആകെ എത്ര അപേക്ഷകൾ ലഭിച്ചു; പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം പരിഗണിക്കാതെ തള്ളിയിട്ടുണ്ടെന്ന് അറിയിക്കുമോ; | എ) | വനാവകാശ നിയമപ്രകാരമുള്ള പരിരക്ഷ ലഭിക്കുന്നതിനായി ഏപ്രിൽ 2019 വരെ 43129 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 11147 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. (ഗ്രാമസഭ - 4168, എസ്.ഡി.എൽ.സി - 6072, ഡി.എൽ.സി - 907). ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| ബി) | ഇപ്രകാരം തള്ളപ്പെട്ട അപേക്ഷകരെ വനത്തിൽ നിന്നും ഒഴിപ്പിക്കണമെന്ന സുപ്രീംകോടതിയുടെ ഉത്തരവ് ലഭിച്ചിട്ടുണ്ടോ; | ബി) | വനാവകാശ നിയമം 2006 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ ഇടക്കാല ഉത്തരവിൽ വനാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചതിൽ സംസ്ഥാനത്ത് ജില്ലാതല സമിതി നിരസിച്ച 894 അപേക്ഷകരിൽ അനർഹർ വനഭൂമിയിൽ താമസിക്കുന്നുണ്ടെങ്കിൽ അവരെ ഒഴിപ്പിച്ച് വിശദ വിവരം സമർപ്പിക്കണമെന്ന ബഹു. സുപ്രീം കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ട്. |
| സി) | ഇക്കാര്യത്തിൽ സുപ്രീംകോടതി ആവശ്യപ്പെട്ടപ്രകാരം സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; | സി) | സുപ്രീം കോടതി ഉത്തരവ് പ്രകാരം കേരളത്തിലെ സാഹചര്യം വിശദമാക്കി വിശദമായ അഫിഡവിറ്റ് ബഹു. സുപ്രീം കോടതിയിൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഡി) | സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | ഡി) | വനാവകാശ നിയമം 2006 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിൽ, വനാവകാശ നിയമപ്രകാരമുള്ള അപേക്ഷ നിരസിച്ചതിനു ശേഷവും വനഭൂമിയിൽ താമസിക്കുന്നവരെ ഒഴിപ്പിക്കണമെന്ന ഇടക്കാല ഉത്തരവ് ബഹു. സുപ്രീം കോടതി നിലവിൽ സ്റ്റേ ചെയ്തിരിക്കുകയാണ്. കൂടാതെ ഇക്കാര്യം പരിശോധിച്ച് വിശദമായ അഫിഡവിറ്റ് സമർപ്പിക്കണമെന്നുകൂടി ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്.<br><br>പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനാവകാശ നിയമപ്രകാരം സമർപ്പിക്കപ്പെട്ടതും നിരസിക്കപ്പെട്ടതുമായ അപേക്ഷകൾ പുനഃപരിശോധിക്കുവാൻ എസ്.ഡി.എൽ.സി, ഡി.എൽ.സി എന്നിവയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നടപടിക്രമങ്ങൾ കൂടി പൂർത്തീകരിച്ച് ഇക്കാര്യത്തിലുള്ള വ്യക്തവും വിശദവുമായ സത്യവാങ്മൂലം ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - 1

| ജില്ല | നാളിതുവരെ ലഭിച്ച അപേക്ഷകളുടെ എണ്ണം | നിരസിച്ച അപേക്ഷകൾ | | | |
|---|---|---|---|---|---|
| | | ഗ്രാമസഭ | SDLC | DLC | ആകെ |
| തിരുവനന്തപുരം | 6060 | 0 | 441 | 0 | 441 |
| കൊല്ലം | 1214 | 52 | 0 | 4 | 56 |
| പത്തനംതിട്ട | 1464 | 61 | 121 | 8 | 190 |
| കോട്ടയം | 1704 | 116 | 112 | 63 | 291 |
| ഇടുക്കി | 13350 | 1102 | 2742 | 23 | 3867 |
| എറണാകുളം | 1574 | 89 | 139 | 161 | 389 |
| തൃശ്ശൂർ | 1341 | 0 | 9 | 465 | 474 |
| പാലക്കാട് | 5954 | 0 | 2199 | 183 | 2382 |
| മലപ്പുറം | 1493 | 0 | 308 | 0 | 308 |
| കോഴിക്കോട് | 20 | 9 | 0 | 0 | 9 |
| വയനാട് | 7918 | 2734 | 0 | 0 | 2734 |
| കണ്ണൂർ | 1037 | 5 | 1 | 0 | 6 |
| **ആകെ** | **43129** | **4168** | **6072** | **907** | **11147** |

സെക്ഷൻ ഓഫീസർ